

ical Sciences, a few years ago, Fr. Francis Vineeth had to be admitted into MICU. I would visit him often. An unflappable optimist, he would praise the quality of treatment, was a contented patient (a vanishing species!), always immensely grateful to the doctors and the nurses. A gentleman to the core who "inflicted no pain upon another" (Cardinal Newman), about Fr. Francis, reminiscing his character and characteristics, it could rightly be said, "style is the man." May his soul rest in peace!

## Jobi Thomas Thurackal CMI, Dharmaram, Bengaluru

### വിനീത സ്മൃതി!



പ്രേഷിതയുടെ അറിവിന്റെ ജ്യോതി നിത്യജ്യോതിയിൽ സായൂജ്യമായി! വിദ്യയെ ആത്മീയതയിൽ വിനീതവൽക്കരിച്ച് ആചാര്യതയുടെ ശ്രേഷ്ഠൻ ത്രിത്വൈക ദൈവസന്നിധിയിൽ ലയനമായി. ഭാരതീയ സംസ്കൃതിയിലൂടെ ക്രിസ്തീയതയുടെ ആത്മീയ ചൈതന്യം രുചിച്ചറിഞ്ഞ സന്യാസവര്യൻ സമാധിയുടെ നിറവിലേക്ക് പ്രയാണമായി. ധർമ്മാരാമിന്റെ പുൽമേടയിൽ ഉയർത്തിയ തെങ്ങോലക്കുടിലിൽ നിന്നും ഉയർന്ന ഭാരത ക്രിസ്തീയതയുടെ ചിന്താധാരകൾക്ക് അടിത്തറപാകിയ വിദ്യാവിചക്ഷണൻ നിത്യതയുടെ കൂടാരത്തിലേക്ക് പുറപ്പാടായി... കുബേരതയുടെ പ്രൗഢിയിൽ നിന്നും കുചേലതയുടെ ലാളിത്യം ഉൾക്കൊണ്ട് സന്യാസത്തെ പ്രണയിച്ച സർവ്വസംഗപരിത്യാഗി.

തത്വദൈവശാസ്ത്രപാണ്ഡിത്യത്തിലൂടെ അറിവിന്റെ നിറവ് അവിടുന്നിലാണെന്നുള്ള തിരിച്ചറിവിൽ വിസ്വാസജീവിതലാളിത്യത്തിന്റെ ജ്ഞാനം സ്വായത്തമാക്കിയ ബ്രഹ്ത്മഞ്ഞനത്തിൽ അടിയുറച്ച ക്രിസ്തുമാതൃ ഭക്തൻ. നിഷ്ഠയായ് ജീവിതത്തിൽ നിഷ്കാമകർമ്മനിരതനായി നിരന്തരനിദാനമായവനിൽ നിർലീനനായി. ഭൂമിയോടലിഞ്ഞുചേർന്ന വൃക്ഷപക്ഷിലതാദികളുടെ വിദ്യാവനം തീർത്ത ആത്മീയതയുടെ പ്രകൃതി സ്നേഹി. പഠിച്ചതിനെ ധ്യാനിച്ച്, ധ്യാനിച്ചതിനെ സ്വാംശീകരിച്ച്, സ്വാംശീകരിച്ചതിനെ ജീവിച്ച്, ജീവിച്ചതിനെ പകർന്നു നൽകിയ ജ്യോതിതനായ ധ്യാനകർമ്മയോഗിക്കു മുമ്പിൽ പ്രണാമം!